# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

07.12.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2862

## ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലനിധി പദ്ധതി സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | 2012 ജനുവരിയിൽ ആരംഭിച്ച് 2019 ജൂൺ 28 ന അവസാനിക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി 115 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളായി ചേരുന്ന എല്ലാ കുടുംബങ്ങൾക്കും ആവശ്യമായ കുടിവെള്ളം ആളോഹരി 70 ലിറ്റർ എന്നു കണക്കാക്കി ഒരു വീടിന് 350 ലിറ്റർ എന്ന തോതിൽ അവരുടെ വീടിന്റെ പരിസരത്തിൽത്തന്നെ പൈപ്പ് വഴി കുടിവെള്ളമെത്തിക്കുന്നു. സ്രോതസ്സ് സ്ഥായിയായി നിലനിർത്തുന്നതിനാവശ്യമായ ഭൂഗർഭ ജല പരിപോഷണം, സ്രോതസ്സ് മലിനീകരണം തടയുന്നതിനാവശ്യമായ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ പ്രയാജനം സാധാരണക്കാർക്ക് എത്രത്തോളം ലഭ്യമായിട്ടുണ്ടെന്ന് | (ബി) | ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 2176 കുടിവെള്ള പദ്ധതികൾ 115 പഞ്ചായത്തുകളിലായി നടപ്പാക്കാനായി ഉദ്ദേശിക്കുന്നതിൽ 30/11/2018 വരെ 2011 |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | വ്യക്തമാക്കാമോ? | | പദ്ധതികൾ പൂർത്തിയാക്കി ഗ്രാമീണ ജനങ്ങൾക്ക് കുടിവെള്ളം നല്കുന്നു. ഈ പദ്ധതികൾ വഴി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 2,55,961 ഗുണഭോക്തൃ കുടുംബങ്ങളിൽ 1,97,987 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ശുദ്ധജലം നല്കുന്നു. ഇതുകൂടാതെ ശുചിത്വ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 9,735 ശുചിത്വ പദ്ധതികളിൽ 9,580 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. ഇതിനോടൊപ്പംതന്നെ ODF പദ്ധതിയിലുൾപ്പെടുത്തി 36,376 ഗാർഹിക കക്കൂസുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ജലനിധി ശുചിത്വ പദ്ധതിയുടെ ഫലമായി 3,84,916 ഗുണഭോക്താക്കൾക്ക് ഗുണം ലഭിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയുടെ ഭാഗമായിത്തന്നെ വരുന്ന ഭൂജല പരിപോഷണ പദ്ധതികളിൽ അംഗീകാരം ലഭിച്ച 2024 പരിപോഷണ പ്രവൃത്തികളിൽ 1832 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**